ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:03.09.2026**

## പ്രധാനവാർത്തകൾ

1. **ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി.**

2. **സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന്. വോട്ടെടുപ്പ് ഈ മാസം 28ന്.**

RNU TVPM

3. **മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷാ പരിശോധനയ്ക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കാമെന്ന് വിദഗ്ദ്ധ സമിതി.**

4. **ശബരിമല സ്വർണാപഹരണ കേസിന്റെ പുരോഗതി പ്രത്യേക അന്വേഷണ സംഘം ഇന്ന് ഹൈക്കോടതിയെ അറിയിക്കും. കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി എസ് പ്രശാന്തിന് ജാമ്യം.**

5. **ഐഎസ്ആർഒയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹം EOS-05 ന്റെ വിക്ഷേപണം നാളെ.**

6. **ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് ക്വാർട്ടർ ഫൈനലിൽ.**

## പ്രധാനമന്ത്രി -ബെൽജിയം

ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തി. മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിന് എത്തിയ ബെൽജിയം പ്രധാനമന്ത്രി, രാഷ്ട്ര പിതാവ് മഹാത്മ ഗാന്ധിക്ക് രാജ്ഘട്ടിൽ ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ പശ്ചാത്തലത്തിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ ബെൽജിയം പ്രധാനമന്ത്രി മുഖ്യപ്രഭാഷണം നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## രാജ്നാഥ് സിംഗ്-ബെൽജിയം

പരസ്പര ബഹുമാനം, ജനാധിപത്യ മൂല്യങ്ങൾ, നിയമങ്ങൾക്കനുസൃതമായ ആഗോള ക്രമം എന്നിവയിൽ അധിഷ്ഠിതമായ ഊഷ്മളവും സുദീർഘവുമായ ബന്ധമാണ് ഇന്ത്യയും ബെൽജിയവും തമ്മിലുള്ളതെന്ന് രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. ബെൽജിയം പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനുമായി നടത്തിയ പ്രതിനിധി തല ചർച്ചയ്ക്കിടയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. ആഗോള വെല്ലുവിളികളെ കൃത്യമായി കൈകാര്യം ചെയ്യേണ്ടതുണ്ടെന്നും ശ്രീ.രാജ്നാഥ് സിങ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

## ഉപതിരഞ്ഞെടുപ്പ്

സംസ്ഥാനത്തെ 38 തദ്ദേശ സ്വയംഭരണ വാർഡുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. നാമനിർദ്ദേശ പത്രിക ഇന്ന് മുതൽ ഈ മാസം 10 വരെ സമർപ്പിക്കാം. ഈ മാസം 28 നാണ് ഉപതിരഞ്ഞെടുപ്പ്. രാവിലെ ഏഴു മുതൽ വൈകിട്ട് ആറുമണി വരെയാണ് വോട്ടെടുപ്പ്. 29 നാണ് വോട്ടെണ്ണൽ.

❁❁❁❁❁❁❁❁❁❁❁❁❁

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ അണക്കെട്ടിൻറെ സമഗ്ര സുരക്ഷാ പരിശോധനയ്ക്ക് ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിക്കുന്നത് പരിഗണിക്കാമെന്ന് സുപ്രീം കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതി. കേരളത്തിൻറെ ആവർത്തിച്ചുള്ള ആവശ്യത്തെ തുടർന്നാണ് യോജിപ്പ് അറിയിച്ചത്. അണക്കെട്ടിൻറെ പ്രളയ സുരക്ഷ, ഘടനാപരമായ സ്ഥിതി, ഭൂകമ്പ സാധ്യത, സീപ്പേജ് സംബന്ധിച്ച വിഷയങ്ങൾ എന്നീ പരിശോധനകളാണ് കേരളം ആവശ്യപ്പെട്ടത്.

❁❁❁❁❁❁❁❁❁❁❁❁❁

## ശബരിമല കേസ്

RNU TVPM

ശബരിമല സ്വർണാപഹരണ കേസിലെ അന്വേഷണ പുരോഗതി പ്രത്യേക അന്വേഷണ സംഘം ഇന്ന് ഹൈക്കോടതിയെ അറിയിക്കും. ജസ്റ്റിസുമാരായ രാജാ വിജയരാഘവൻ, കെ വി ജയകുമാർ എന്നിവരടങ്ങുന്ന ദേവസ്വം ബെഞ്ചാണ് കേസ് പരിഗണിക്കുന്നത്. കഴിഞ്ഞ തവണ കേസ് പരിഗണിച്ചപ്പോൾ അന്തിമ റിപ്പോർട്ട് ഉടൻ സമർപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## പ്രശാന്തിന് ജാമ്യം

ശബരിമല കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി എസ് പ്രശാന്തിന് ജാമ്യം. ആരോഗ്യസ്ഥിതി പരിഗണിച്ചാണ് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചത്. കേസിൽ അറസ്റ്റിലായ

പി എസ് പ്രശാന്ത് 43 ദിവസമായി ജയിലിലാണ്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

## പ്രതിപക്ഷനേതാവ്

പൊലീസിനെ ഉപയോഗിച്ച് പ്രതിഷേധങ്ങളെ അടിച്ചമർത്താനുള്ള നീക്കത്തിൽ നിന്ന് യുഡിഎഫ് സർക്കാർ പിന്തിരിയണമെന്ന് പ്രതിപക്ഷനേതാവ്

പിണറായി വിജയൻ. എസ്എഫ്ഐ മാർച്ചിൽ പങ്കെടുത്ത പെൺകുട്ടികളെയടക്കം ക്രൂരമായി മർദിച്ചു. മർദ്ദനത്തിന് പരിശീലനം ലഭിച്ച കുപ്രസിദ്ധരായ പൊലീസ് ഉദ്യോഗസ്ഥരെ

പ്രക്ഷോഭത്തെ കൈകാര്യംചെയ്യാൻ നിയോഗിച്ചിരിക്കുകയാണ്. സർക്കാർ തിരുത്തിയില്ലെങ്കിൽ കടുത്ത പ്രക്ഷോഭം നേരിടേണ്ടി വരുമെന്നു പ്രതിപക്ഷനേതാവ് മാധ്യമങ്ങളോട് പറഞ്ഞു.

## ഐ.സി.എ. ആർ(ഇൻട്രോ)

ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് കൊച്ചിയിലെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി.

ഈ സാങ്കേതികവിദ്യയ്ക്കുള്ള ഇന്ത്യൻ പേറ്റൻറും ലഭിച്ചു.

***ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി***

***പി.നഹീമ തയ്യാറാക്കിയ റിപ്പോർട്ട്.........***

***(വോയിസ്)***

RNU TVPM

## എൻസിസി

കൊല്ലം നേവൽ എൻ.സി.സി യൂണിറ്റ് 3 കേരള ബറ്റാലിയൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പായ് വഞ്ചി സാഹസികയാത്രക്ക് കൊല്ലം തേവള്ളിയിൽ നിന്ന് തുടക്കമായി. കൊല്ലം എൻ.സി.സി ഗ്രൂപ്പ് കമാൻഡർ

ബ്രിഗേഡിയർ കെ.ലോഗനാഥൻ ഫ്ലാഗ്-ഓഫ് ചെയ്തു. പാതിരാമണൽ ദ്വീപ് പക്ഷിസങ്കേതത്തിലെത്തി തിരിച്ച് തേവള്ളിയിലേക്ക് മടങ്ങുന്ന 8 ദിവസത്തെ യാത്രയിൽ 65 കേഡറ്റുകളും 30 ജീവനക്കാരും പങ്കെടുക്കുന്നുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**ഓപ്പറേഷൻ തണ്ടർ**

ഓപ്പറേഷൻ തണ്ടർ' പരിശോധനയുടെ ഭാഗമായി അടിമാലിയിലെ വാടകവീട്ടിൽ നടത്തിയ മിന്നൽ റെയ്ഡിൽ 5.543 കിലോഗ്രാം കഞ്ചാവുമായി കോതമംഗലം കുട്ടമ്പുഴ സ്വദേശിനി ഡയാന ബിജുവിനെ എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്തു. ഇടുക്കിയിലെവിവിധ കേന്ദ്രങ്ങളിൽ വിൽപ്പനയ്ക്കായി ആന്ധ്രാപ്രദേശിൽ നിന്ന് ട്രെയിൻ മാർഗ്ഗം എത്തിച്ച കഞ്ചാവാണ് കണ്ടെടുത്തത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ശബരിമല**

ശബരിമലയിൽ കന്നിമാസ പൂജയോടനുബന്ധിച്ച് ദർശനം നടത്തുന്നതിനുള്ള ഓൺലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ്. ഈ മാസം 16 നാണ് നട തുറക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ഐഎസ്ആർഒ

ഐ എസ് ആർ ഒയുടെ അത്യാധുനിക ഭൗമനിരീക്ഷണ ഉപഗ്രഹമായ EOS-05 നാളെ വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2.55ന് GSLV– F17 റോക്കറ്റ് ഉപയോഗിച്ചാണ് വിക്ഷേപണം. ഭൂസ്ഥിര ഭ്രമണപഥത്തിൽ ഇന്ത്യ സ്ഥാപിക്കുന്ന ആദ്യത്തെ ഇമേജിങ് ഉപഗ്രഹമാണിത്. രാജ്യത്തിന്റെ ഭൗമനിരീക്ഷണ ശേഷി ശക്തിപ്പെടുത്താനും സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും ഈ ദൗത്യത്തിലൂടെ സാധിക്കുമെന്ന് ഐഎസ്ആർഒ ചെയർമാൻ വി നാരായണൻ പറഞ്ഞു.

RNUTVPM

## അഷ്ടമിരോഹിണി

അഷ്ടമിരോഹിണി മഹോത്സവം നാളെ . സംസ്ഥാനത്തെ പ്രധാന ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെത്തി. ഗുരുവായൂർ ക്ഷേത്രദർശനത്തിന് എത്തുന്ന എല്ലാ ഭക്തർക്കും വിശേഷാൽ പ്രസാദ ഊട്ട് ഉണ്ടായിരിക്കും. പ്രത്യേക ദർശനങ്ങൾക്ക് നാളെ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ജന്മാഷ്ടമിയോടനുബന്ധിച്ച് വിവിധ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ ശോഭയാത്രകളും സംഘടിപ്പിച്ചിട്ടുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**കണ്ണൂർ (ഇൻട്രോ)**

വൃക്ക രോഗം ബാധിച്ച കണ്ണൂർ ചാലയിലെ പ്ലസ് വൺ വിദ്യാർഥിനിയുടെ ചികിത്സക്കായി ഓണക്കാലത്ത് പൂവില്പനയിലൂടെ സ്വരൂപിച്ച തുക കുടുംബത്തിന് കൈമാറി. 16 ലക്ഷത്തിലേറെ രൂപയാണ് സ്വരൂപിച്ചത് .

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**ബാഡ്മിന്റൺ**

ചൈന മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യൻതാരം കിഡംബി ശ്രീകാന്ത് പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ഇന്ന് രാവിലെ നടന്ന ആവേശകരമായ പ്രീ-ക്വാർട്ടർ പോരാട്ടത്തിൽ ലോക ഒൻപതാം റാങ്കുകാരനായ കാനഡയുടെ വിക്ടർ ലായിയെ നേരിട്ടുള്ള ഗെയിമുകൾക്ക് ശ്രീകാന്ത് പരാജയപ്പെടുത്തി. ക്വാർട്ടറിൽ ഹോങ്കോങ്ങിന്റെ ലീ ച്യുക് യു ആണ് എതിരാളി.

❁❁❁❁❁❁❁❁❁❁❁❁❁

**ഏഷ്യാ കപ്പ്**

RNU TVPM

വനിതാ ടി–20 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് രണ്ടാം ഗ്രൂപ്പ് മത്സരത്തിൽ ഹോങ്കോങ്ങിനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8 മണിക്കാണ് മത്സരം. ആദ്യ മത്സരത്തിൽ തായ്‌ലൻഡിനെ 94 റൺസിന് തകർത്ത ഇന്ത്യക്ക് ഇന്നു വിജയിച്ചാൽ സെമി ഫൈനൽ ഉറപ്പാക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

**ഓഹരി+സ്വർണം**

രാജ്യത്തെ ഓഹരി വിപണികളിൽ നേരിയ നേട്ടം. സെൻസെക്സ് 171 പോയിന്റ് ഉയർന്ന് 76,741 ലും നിഫ്റ്റി 44 പോയിന്റ് നേട്ടത്തിൽ 23,958 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില കൂടി. പവന് 2,440 രൂപ വർധിച്ച്

ഒരു ലക്ഷത്തി 13,920 രൂപയായി. ഗ്രാമിന് 14,240 രൂപയാണ് ഇന്നത്തെ വില.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**പി ഐ ബി - മീഡിയ ടൂർ**

കേരളത്തിലേക്കുള്ള പി ഐ ബിയുടെ മാധ്യമപ്രവർത്തക പര്യടനത്തിൻ്റെ ഭാഗമായി ഝാർഖണ്ഡിൽ നിന്ന് എത്തിയ 12 മാധ്യമപ്രവർത്തകർ കൊച്ചി ജലമെട്രോ, റബ്ബർ കൃഷി തുടങ്ങിയവയെ കുറിച്ച് പഠനം നടത്തി. കേന്ദ്ര

വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള റാഞ്ചിയിലെ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. അഞ്ച് ദിവസത്തെ സന്ദർശന പരിപാടി നാളെ സമാപിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## യുവാക്കൾക്ക് വെട്ടേറ്റു

കണ്ണൂർ പേരാവൂരിൽ മൂന്ന് യുവാക്കൾക്ക് വെട്ടേറ്റ സംഭവത്തിൽ ഏഴു പേർക്കെതിരെ കേസെടുത്തു. ഇന്നലെ രാത്രിയാണ് വെട്ടേറ്റത്. വ്യക്തി വൈരാഗ്യമാണ് അക്രമത്തിലേക്ക് നയിച്ചതെന്ന് പോലീസ് അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

## യുജിസി

യുജിസി നെറ്റ് ഇംഗ്ലീഷ്, കൊമേഴ്സ്, സോഷ്യോളജി വിഷയങ്ങളുടെ പുനഃപരീക്ഷയ്ക്കുള്ള ആദ്യഘട്ട പരീക്ഷാനഗര പട്ടിക എൻ ടിഎ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ മാസം 9, 10 തീയതികളിലാണ് പരീക്ഷ.

❁❁❁❁❁❁❁❁❁❁❁❁❁

## മിലിറ്ററി കോളജ്

ഉത്തരാഖണ്ഡിലെ ഡെറാഡൂണിലുള്ള രാഷ്ട്രീയ ഇന്ത്യൻ മിലിറ്ററി കോളജിലെ അടുത്ത വർഷം ജൂലൈ

ടേമിലേക്കുള്ള എട്ടാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഈ മാസം 30 വരെ എൻടിഎയുടെ ഔദ്യോഗിക വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാം.

**ലോകായുക്ത**

കേരള ലോകായുക്ത തൃശ്ശൂർ, മൂവാറ്റുപുഴ, കോട്ടയം എന്നിവിടങ്ങളിൽ ക്യാമ്പ് സിറ്റിംഗ് നടത്തും. തൃശ്ശൂർ ഗവണ്മെൻറ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ ഈ മാസം 15,16 തിയതികളിലും, 17-ന് മൂവാറ്റുപുഴ വൈ എം സി എ കോൺഫറൻസ് ഹാളിലും, 18-ന് കോട്ടയം പി ഡബ്ല്യു ഡി റെസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിലും സിറ്റിംഗ് ഉണ്ടായിരിക്കും.

RNU TVPM